(ഡി) ഈ പദ്ധതിയുടെ ഗുണം ഏതെല്ലാം പ്രദേശങ്ങൾക്ക് കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇത്തരം ഒരു പദ്ധതിക്ക് രൂപം നൽകിയിരുന്നു.

(ബി) സി. എം. എഫ്. ആർ. ഐ. വഴി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന ഈ പദ്ധതിയിലെ പങ്കാളികൾ ഇന്ത്യാഗവൺമെന്റും ആസ്ട്രേലിയൻ ഗവൺമെന്റും ആണ്.

(സി) ഇന്ത്യാഗവൺമെന്റ് - 971 ലക്ഷം രൂപ സി.എം.എഫ്.ആർ.ഐ. 124 ലക്ഷം രൂപ, ആസ്ട്രലിയൻ ഗവൺമെന്റ് - 765 ലക്ഷം രൂപ.

(ഡി) കേരളത്തിലെ വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊച്ചി, തമിഴ്നാട്ടിലെ മണ്ഡപം, തൂത്തുക്കുടി കൂടാതെ മിനിക്കോയ് എന്നീ പ്രദേശങ്ങൾക്ക്.

(ഇ) ഇന്ത്യയുടെ അണുസ്ഫോടനം മൂലമുണ്ടായ സാമ്പത്തിക ഉപരോധം മൂലം പ്രസ്തുത പദ്ധതിക്ക് ഇതുവരെ അനുമതി ലഭിച്ചിട്ടില്ല.

മത്സ്യ ഉൽപ്പാദനം

4 (1911) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യത്തിന്റെ ഉൽപ്പാദനം 1996-97, 1997-98, 1998-99 എന്നീ സാമ്പത്തികവർഷങ്ങളിൽ എത്ര ടൺ ആയിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) കേരളത്തിൽ മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1996-97, 97-98, 1998-99 എന്നീ സാമ്പത്തിക വർഷം എത്ര മത്സ്യക്കുഞ്ഞുങ്ങളെയാണ് നിക്ഷേപിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) മത്സ്യകുഞ്ഞുങ്ങളെ കായലുകളിൽ നിക്ഷേപിച്ചതുമൂലം എത്ര ടൺ മത്സ്യം കൂടുതലായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാനത്തെ മത്സ്യക്കൃഷിക്ക് ഏറെ സാദ്ധ്യതക്കുള്ള ആലപ്പുഴ ജില്ലയിൽ ഒരു ഹാച്ചറി ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വ്യക്തമാക്കാം. 1996-97, 97-98, 98-99 എന്നീ വർഷങ്ങളിലെ സംസ്ഥാനത്തിന്റെ മത്സ്യോൽപ്പാദനം ചുവടെ ചേർക്കുന്നു.

വർഷം	മത്സ്യോൽപ്പാദനം (മെ. ടൺ)
1996-1997	7,05,344
1997-1998	5,69,890
1998-1999	6,07,444 (മാർച്ച് 1998-ലെ കണക്ക്)

(ബി) വ്യക്തമാക്കാം. കേരളത്തിൽ മത്സ്യഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ജനകീയ മത്സ്യക്കൃഷി
2. ശുദ്ധജല മത്സ്യക്കൃഷി
3. ഓരുജല മത്സ്യക്കൃഷി
4. ജലസംഭരണികളിലെ മത്സ്യക്കൃഷി
5. സാമൂഹ്യ മത്സ്യക്കൃഷി
6. ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കലും വളർത്തലും.
7. സംയോജിത മത്സ്യക്കൃഷി
8. എറണാകുളം ജില്ലയിലെ പൊക്കാളി നിലങ്ങളിൽ സംയോജിത ചെമ്മീൻക്കൃഷി
9. ശുദ്ധജല ചെമ്മീൻക്കൃഷി
10. കടലിൽ മത്സ്യകുഞ്ഞുങ്ങളെ വിതയ്ക്കുന്ന പദ്ധതി
11. ഇതിനും പുറമെ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനായി പല പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

(സി) വ്യക്തമാക്കാം.

1996-97-ൽ 83.12 ലക്ഷം.

1997-98-ൽ 396.24 ലക്ഷം

1998-99-ൽ 505.79 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ വീതം വിവിധ പദ്ധതികളിലായി നിക്ഷേപിച്ചിട്ടുണ്ട്.

(ഡി) വ്യക്തമാക്കാം.

1996-1997-ൽ 325 മെട്രിക്ടൺ

1997-1998-ൽ 1570 മെട്രിക്ടൺ

1998-1999-ൽ 572 മെട്രിക് ടൺ മത്സ്യം കൂടുതലായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു.

(ഇ) പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly